Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

വൈദഗ്ധ്യം ഇന്ത്യയ്ക്കകത്തും വിദേശത്തുമുള്ള തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുന്നതിനായി "സ്കിൽ അപ്ഗ്രഡേഷൻ & റീഇന്റഗ്രേഷൻ പ്രോഗ്രാം" എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. പ്രവാസി ഭദ്രത-പേൾ, പ്രവാസി ഭദ്രത-മെഗാ എന്നീ പദ്ധതികൾ 2021 ആഗസ്റ്റ് 26-ന് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതികളിലേയ്ക്ക് ഗുണഭോക്താക്കളെ കണ്ടെത്തിക്കൊണ്ടിരിക്കുന്നു. പദ്ധതി നടത്തിപ്പിനായി ആദ്യഘട്ട തുകയിൽ 15 കോടി രൂപ ഇതിനകംതന്നെ കുടുംബശ്രീ മിഷന് കൈമാറിയിട്ടുണ്ട്. തിരിച്ചുവരുന്ന പ്രവാസികളുടെ സമഗ്ര പുനരധിവാസ പദ്ധതിയായ NDPREM-ൽ കോവിഡ് കാലയളവായ 2020-2021 മുതൽ നാളിതുവരെയായി 1030 പ്രവാസികൾ ഗുണഭോക്താക്കളായിട്ടുണ്ട്. മടങ്ങിവന്ന് നാട്ടിൽ തൊഴിൽ തേടുന്നവരെ ലക്ഷ്യമിട്ടുള്ള പ്രവാസി ഭദ്രത, NDPREM എന്നീ പദ്ധതികളിലൂടെ സമഗ്രമായ പുനരധിവാസ സാധ്യതയാണ് സർക്കാർ ലക്ഷ്യമിടുന്നത്. വിദേശങ്ങളിലേയ്ക്ക് മടങ്ങിപ്പോകാൻ ആഗ്രഹിക്കുന്നവർക്ക് നൈപുണ്യ വികസനത്തിനുള്ള (Upskilling) പദ്ധതി അങ്ങേയറ്റം പ്രയോജനപ്രദമാണ്. ഇവ വഴി കോവിഡ് മഹാമാരിയെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളുടെ ജീവിതമാർഗ്ഗം തുറക്കാൻ കഴിയും.

ശബരിമല വിമാനത്താവള പദ്ധതി

24 (*24) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ശബരിമല വിമാനത്താവള പദ്ധതിയുടെ സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; ആയതിന്റെ റിപ്പോർട്ട് പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ആരെയാണ് സാധ്യതാ പഠനത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

(എ&ബി) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയും സാധ്യതാപഠനം നടത്തുന്നതിനും സർക്കാർ കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയും ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും ലൂയിസ് ബർഗർ

LIBRARY ARCHIVES Kerala Legislative Assembly

കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കൺസൾട്ടന്റിനെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത കൺസൾട്ടന്റ് സമർപ്പിച്ച പ്രാഥമിക ഫീസിബിലിറ്റി റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത റിപ്പോർട്ട് കേന്ദ്ര വ്യോമയാന ഡയറക്ടറേറ്റിന് സമർപ്പിച്ചിട്ടുണ്ടോ; ആയതിന്റെ തുടർ പ്രവർത്തനം വിശദമാക്കാമോ?

ഉണ്ട്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽനിന്ന് ലഭിച്ച അഭിപ്രായങ്ങൾക്കുള്ള ആവശ്യമായ വിശദീകരണം കെ.എസ്.ഐ.ഡി.സി. സമർപ്പിക്കുന്ന മുറയ്ക്ക് സർക്കാർതലത്തിൽ വിശദമായ അവലോകനം നടത്തി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്.

(ഡി) എരുമേലി ചെറുവള്ളി എസ്റ്റേറ്റിൽ വിമാനത്താവളം നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

വിവിധ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി സർക്കാർ നിയമിച്ച കമ്മിറ്റി നിർദ്ദേശിച്ച പ്രദേശങ്ങളിൽ ഏറ്റവും അനുയോജ്യമെന്ന് കണ്ടെത്തിയ ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന മലയാളം പ്ലാന്റേഷനെയാണ് വിമാനത്താവളം സ്ഥാപിക്കുന്നതിന് തെരഞ്ഞെടുത്തത്. നിർദ്ദിഷ്ട വിമാനത്താവളത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സ്മാർട്ട് റേഷൻ കാർഡുകൾ

25 (*25) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ)സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡുകളുടെ ദുരുപയോഗം ഒഴിവാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈപ്പറ്റി ദുരുപയോഗം ചെയ്യുന്നവരെ കണ്ടെത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് എന്നീ വകുപ്പുകളുടെ ഡാറ്റായുമായി ആർ.സി.എം.എസ്. ഡാറ്റ മാപ്പിംഗ് നടത്തി അനർഹരെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്. ഇവരിൽനിന്നും പിഴ ഈടാക്കിവരുന്നു. മരണപ്പെട്ടവരുടെ